(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഗവൺമെൻറ് എന്തെല്ലാം അനുകൂല നടപടികളും സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പത്തും ഇരുപതും വർഷം സർവ്വീസിലുള്ള പാർട്ട് ടൈം ജീവനക്കാർ ജോലിയിൽ നിന്നും പിരിഞ്ഞാൽ അവർക്ക് യാതൊരു ആനുകൂല്യവും ലഭിക്കുന്നില്ലെന്നു മാത്രമല്ല പെൻഷനു പോലും ഇവർ അർഹരല്ലാതാകുന്ന സ്ഥിതി വിശേഷം ഉണ്ടാകാതിരിക്കാൻ ഇപ്രകാരമുള്ള പാർട്ട് ടൈം ജീവനക്കാരെ സർവ്വീസിന്റെ അടിസ്ഥാനത്തിൽ ഫുൾടൈം ജീവനക്കാരായി പരിഗണിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാർട്ട്ടൈം ആയി മാത്രം ജോലി ചെയ്യുന്ന ജീവനക്കാരെ ഫുൾടൈം ജീവനക്കാരായി അംഗീകരിക്കാൻ നിവൃത്തിയില്ല. എങ്കിലും പാർട്ട് ടൈം കണ്ടിജൻസി ജീവനക്കാരെ ഫുൾടൈം തസ്തികയിലേക്ക് സീനിയോറിറ്റി മുറയ്ക്ക് പ്രൊമോഷൻ നൽകി നിയമിക്കുന്നതിനു ലാസ്റ്റ് ഗ്രേഡ് സർവ്വീസിലെ ഏതാനും തസ്തികകളും നീക്കി വച്ചിട്ടുണ്ട്.

(സി) നിലവിലുള്ള ചട്ടങ്ങളും പ്രകാരം പാർട്ട്ടൈം കണ്ടിജൻറ് ജീവനക്കാർക്കു മരണംവരേയോ ജോലിചെയ്യാൻ ശേഷിയില്ലാതെ ആവുന്നതുവരേയോ സർവ്വീസിൽ തുടരാവുന്നതാണ്. ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ നീക്കി വെച്ചിട്ടുള്ള തസ്തികകളിലേക്ക് സീനിയോറിറ്റി മുറയ്ക്ക് പ്രമോഷൻ ലഭിക്കുന്ന പാർട്ട്ടൈം കണ്ടിജൻറ് ജീവനക്കാർക്ക് പെൻഷൻ ആകുന്നതിനു മുമ്പ് 10 കൊല്ലത്തിൽ കുറയാതെ ഫുൾടൈം സർവ്വീസ് ഉണ്ടെങ്കിൽ പെൻഷൻ ലഭിക്കുന്നതാണ്. എന്നാൽ പ്രമോഷൻ ലഭിക്കുന്നതിനു മുമ്പ് 55 വയസ്സാകാൻ 10 കൊല്ലത്തിൽ കുറവു മാത്രം സർവ്വീസ് ശേഷിക്കുന്നവർക്ക് പ്രൊമോഷൻ സ്വീകരിക്കാതെ പാർട്ട്ടൈം ആയി തന്നെ തുടരുന്നതിനോ അല്ലെങ്കിൽ പ്രൊമോഷൻ സ്വീകരിച്ച് 55-ാം വയസ്സിൽ അടുത്തുണ്ടു പറ്റി പിരിയുകയോ ചെയ്യാവുന്നതാണ്. പാർട്ട്ടൈം സർവ്വീസിന്റെ അടിസ്ഥാനത്തിൽ ഫുൾടൈം ജീവനക്കാരായി പരിഗണിക്കുവാൻ നിവൃത്തിയില്ല.

കെ. എസ്. ഇ. ബി. യിൽ പ്രയോറിറ്റി നിശ്ചയിച്ച സ്കീമുകൾ

631 [916] ഡോ. ജോർജ്മാത്യു:

ശ്രീ. വി. ജെ. ജോസഫ്:

ശ്രീ. ലോനപ്പൻ നമ്പാടൻ:

ശ്രീ. കെ. വി. കുര്യൻ:

ശ്രീ. വി. റ്റി. സെബാസ്റ്റ്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ഇ. ബി. യിൽ പ്രയോറിട്ടി നിശ്ചയിച്ച എത്ര സ്കീമുകൾ പൂർത്തിയാക്കുവാനുണ്ട്;

(ബി) ഇവ പൂർത്തിയാക്കുവാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ. എസ്. ഇ. ബി. യിൽ പ്രയോറിട്ടി നിശ്ചയിച്ച സ്കീമുകളിൽ ഏറ്റവും മുൻഗണന കൊടുത്തിട്ടുള്ളത് ഗ്രാമവൈദ്യുതീകരണത്തിനാണ്. ആകെ 44 ഗ്രാമങ്ങൾ വൈദ്യുതീകരിക്കാനുണ്ട്. അവയിൽ 7 ഗ്രാമങ്ങളിൽ വൈദ്യുതി എത്തിച്ചിട്ടുണ്ട്. ബാക്കിയുള്ള 37 ഗ്രാമങ്ങളിൽ വൈദ്യുതി എത്തിക്കുന്ന ജോലി നടന്നുകൊണ്ടിരിക്കുന്നു. കൂടാതെ കാർഷികാവശ്യത്തിനുള്ള പമ്പ് സെറ്റ് കണക്ഷനുകൾക്കും ഹരിജൻ കോളനികൾക്കും പ്രയോറിട്ടി കൊടുത്തിട്ടുണ്ട്. ഈ ജോലികളും എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഈ ജോലികൾ പൂർത്തിയാക്കുവാനുള്ള കാലതാമസം പ്രധാനമായും ചില ഉപകരണങ്ങളുടെ ദുർലഭ്യം കൊണ്ടാണ്. ഇവ എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പ്രമോഷൻ തസ്തികയിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെൻറ്

632 [917] ശ്രീ. കല്ലട നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ റിക്രൂട്ട്മെൻറ് അനുസരിച്ചുള്ള നിയമനങ്ങൾ പ്രമോഷൻ തസ്തികയിലും നടപ്പാക്കണമെന്നുള്ള ഗവൺമെൻറ് ഉത്തരവ് ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ ഉത്തരവ് അനുസരിച്ച് ഏതെങ്കിലും പ്രമോഷൻ തസ്തികയിലേക്ക് സ്പെഷ്യൽ റിക്രൂട്ട്മെൻറ് നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിൽ?

ഉത്തരം

(എ) സ്പെഷ്യൽ റിക്രൂട്ട്മെൻറ് അനുസരിച്ചുള്ള നിയമനങ്ങൾ ഗസറ്റഡ് തസ്തികയിലും നടത്തണമെന്ന് ഗവൺമെൻറ് ഉത്തരവുണ്ട്. ഇതിൽ പ്രമോഷൻ തസ്തികകളും ഉൾപ്പെടുന്നു.

(ബി) ഉണ്ട്.

(സി) സെക്രട്ടേറിയറ്റിൽ സെക്ഷൻ ഓഫീസർ, അണ്ടർ സെക്രട്ടറി, റവന്യൂ ഡിപ്പാർട്ടുമെൻറിൽ തഹസിൽദാർ, റവന്യൂ ഡിവിഷണൽ ഓഫീസർ, പോലീസ് ഡിപ്പാർട്ടുമെൻറിൽ ഡെപ്യൂട്ടി സൂപ്രണ്ട് മുതലായ തസ്തികകളിൽ.

വെള്ളപ്പൊക്ക ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് കേന്ദ്രം നൽകിയ തുക

633 [918] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly